# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 871** **29.09.2016-ന് മറുപടിയ്ക്ക്**

## പൊതു ആവശ്യത്തിനായി സ്ഥലം ഏറ്റെടുക്കുന്ന നിയമം

| ചോദ്യം<br>ഡോ.എൻ.ജയരാജ് | ഉത്തരം<br>ശ്രീ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് പൊതു ആവശ്യത്തിനായി സ്ഥലം ഏറ്റെടുക്കുന്ന നിയമപ്രകാരം സാമൂഹികാഘാത പഠനം നടത്തണമെന്ന് വ്യവസ്ഥയുണ്ടോ; | എ) വ്യവസ്ഥയുണ്ട്. |
| ബി) ഇതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; ഇതു സംബന്ധിച്ച് ഉത്തരവുകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിക്കുമോ; | ബി) സാമൂഹികാഘാതപഠനം നടത്തുന്നതിനുള്ള യൂണിറ്റുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ഇതു സംബന്ധിച്ച് 29.06.2016-ലെ ജി.ഒ(പി) നമ്പർ 376/2016/ ആർ.ഡി, ജി.ഒ(പി) നമ്പർ 377/2016/ആർ.ഡി എന്നീ ഉത്തരവുകൾ പ്രകാരം 200 ആർ വരെയുള്ള ഭൂമി ഏറ്റെടുക്കുന്നതിന് സാമൂഹിക ആഘാത പഠന യൂണിറ്റുകളും, എക്സ്പെർട്ട് ഗ്രൂപ്പും നിശ്ചയിക്കുന്നതിനായി ജില്ലാ കളക്ടർമാരെ പുതിയ പൊന്നുംവില നടപടി നിയമപ്രകാരം ചുമതല നൽകി ഉത്തരവായിട്ടുണ്ട്. |
| സി) കാഞ്ഞിരപ്പള്ളി ബൈപാസിനുള്ള സാമൂഹികാഘാത പഠനം ഏതു ഘട്ടത്തിലാണ്; ഇതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ? | സി) കാഞ്ഞിരപ്പള്ളി ബൈപാസിനുള്ള സാമൂഹികാഘാത പഠനം ആരംഭിച്ചിട്ടില്ല. പ്രസ്തുത പഠനം നടത്തുന്നതിനുള്ള യൂണിറ്റുകൾ രൂപീകരിക്കുന്ന മുറയ്ക്ക് നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ